**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** **06-02-2023 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് വനമേഖലയിലൂടെ ഒഴുകുന്ന നദികളുടെ തീരങ്ങളിൽ മരങ്ങളും സസ്യങ്ങളും വച്ചുപിടിപ്പിക്കുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ? | (ബി) | വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിതെളിച്ച് വെച്ചുപിടിപ്പിച്ചതും, പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാണെന്ന് പിന്നീട് കണ്ടെത്തിയതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെ നദികളുടെയും, റിസർവ്വോയറുകളുടേയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ മുള, ഈറ്റ തുടങ്ങിയവ പൊതുജന പങ്കാളിത്തത്തോട്ട കൂടി നട്ടുപിടിപ്പിക്കുകയും ഇതിനാവശ്യമായ വൃക്ഷതൈകൾ തൊഴിലുറപ്പ് പദ്ധതി മുഖേനയും വനം വകുപ്പിന്റെ സാമൂഹ്യ വനവത്ക്കരണ വിഭാഗം മുഖേനയും ഉൽപാദിപ്പിച്ച് |

| | | | |
|---|---|---|---|
| | | | യഥാസമയം വിതരണം ചെയ്യാനും ടി നയരേഖയിൽ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനായി തീരദേശ ജനതയുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി അനുയോജ്യമായ സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കാനും ടി നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ